# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2017 മാർച്ച് 2, വ്യാഴം

**നമ്പർ 47**

രാവിലെ 8.30-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യത്തിന്റെ ഉത്തരത്തിനുള്ള തിരുത്ത്:

പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 20-10-2016-ലെ നക്ഷത്രചിഹ്നമിടാത്ത 3713-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തുന്ന സ്റ്റേറ്റ്മെന്റും തിരുത്തിയ ഉത്തരവും വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് മേശപ്പുറത്തുവച്ചു.

അടിയന്തരപ്രമേയം:

സംസ്ഥാനത്തെ ഉന്നത സിവിൽ സർവ്വീസ് ഉദ്യോഗസ്ഥൻമാർക്കിടയിലുള്ള അഭിപ്രായഭിന്നതമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാ നടപടികൾ നിർത്തിവെച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. വി. ഡി. സതീശനും മറ്റ് രണ്ട് അംഗങ്ങളും ചേർന്ന് ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തര പ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്ന് ഇറങ്ങിപ്പോയി.

KNPP. 359/2017 (i).

<u>ശ്രദ്ധ ക്ഷണിക്കൽ :</u>

(1) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച ആവശ്യങ്ങൾ അംഗീകരിച്ച് കിട്ടുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. എം. രാജഗോപാലൻ തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) സംസ്ഥാനത്ത് സ്റ്റാറ്റ്യൂട്ടറി അധികാരമുള്ള 'സ്റ്റുഡന്റ് വെൽഫയർ കമ്മീഷൻ' രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. വി. ഡി. സതീശൻ മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രിയ്ക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രിയും പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയും പ്രസ്താവനകൾ ചെയ്തു.

<u>ചട്ടം 304 പ്രകാരം അംഗങ്ങൾ ഉന്നയിച്ച വിഷയങ്ങൾ :</u>

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു :

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. കെ. എം. മാണി | ഫാ. ടോം ഉഴുന്നാലിന്റെ മോചനം | മുഖ്യമന്ത്രിയ്ക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി |
| 2 | ശ്രീ. വി. എസ്. അച്യുതാനന്ദൻ | ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡിനെ സംരക്ഷിക്കുന്നതിനുള്ള നടപടി | വ്യവസായവും കായികവും യുവജനകാര്യവും വകുപ്പുമന്ത്രി |
| 3 | ശ്രീ. പി. സി. ജോർജ് | കർഷക പെൻഷൻ വിതരണം | കൃഷി വകുപ്പുമന്ത്രി |
| 4 | ശ്രീ. എൻ. ഷംസുദ്ദീൻ | അട്ടപ്പാടിയിലെ ശിശു മരണങ്ങൾ | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 5 | ശ്രീ. സി. കെ. ശശീന്ദ്രൻ | നിയമവിരുദ്ധമായി വനം വകുപ്പ് ഏറ്റെടുത്ത ഭൂമി അവകാശികൾക്ക് തിരികെ നൽകുന്നത് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 6 | ശ്രീ. തോമസ് ചാണ്ടി | ആലപ്പുഴ ബോട്ട് ജെട്ടിയുടെ ആഴം കൂട്ടുന്നത് | ജലവിഭവ വകുപ്പുമന്ത്രി |
| 7 | ശ്രീ. കെ. ഡി. പ്രസേനൻ | ആലത്തൂർ മോഡേൺ റൈസ് മിൽ തുറന്ന് പ്രവർത്തിപ്പിക്കുന്നത് | കൃഷി വകുപ്പുമന്ത്രി |
| 8 | ശ്രീ. രാജു എബ്രഹാം | ശബരി റെയിൽ നിർമ്മാണ പ്രവർത്തനങ്ങൾ | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 9 | ശ്രീ. വി. എസ്. ശിവകുമാർ | കരമന-കളിയിക്കാവിള ദേശീയപാതയുടെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 10 | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് | ബിനാനി സിങ്ക് ലിമിറ്റഡ് അടച്ചു പൂട്ടിയത് | വ്യവസായവും കായികവും യുവജന കാര്യവും വകുപ്പുമന്ത്രി |
| 11 | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിന്റെ പുനരുദ്ധാരണം | വ്യവസായവും കായികവും യുവജനകാര്യവും വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവന നടത്തി.

<u>മേശപ്പുറത്തു വച്ച കടലാസ്</u> :

2016-ലെ സാമ്പത്തിക അവലോകനം മേശപ്പുറത്തു വച്ചു.

<u>റിപ്പോർട്ട് സമർപ്പണം</u> :

സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിച്ചു.

സ്പീക്കറുടെ റൂളിംഗ്:

അംഗങ്ങളുടെ അറിവിലേക്കായി വിതരണം മാത്രം ചെയ്യേണ്ട കടലാസുകൾ സഭയുടെ മേശപ്പുറത്തുവയ്ക്കുന്നത് സംബന്ധിച്ച ശ്രീ. വി. ഡി. സതീശന്റെ ക്രമപ്രശ്നത്തിന് പ്രസ്തുത വിഷയം ചെയറിന്റെ പരിഗണനയിലാണെന്നും ഇക്കാര്യത്തിൽ സഭാ ചട്ടങ്ങളിൽ വരുത്തേണ്ട ഭേദഗതികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് മേശപ്പുറത്തു വച്ച കടലാസുകൾ സംബന്ധിച്ച സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും സ്പീക്കർ റൂളിംഗ് നൽകി.

നിയമനിർമ്മാണ കാര്യം:

(1) ഗതാഗത വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രൻ 2016-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (സാധൂകരണം) ബില്ലും പ്രസ്തുത ബിൽ അഞ്ചാം സബ്ജക്ട് കമ്മിറ്റിക്ക് അയക്കണമെന്ന പ്രമേയവും അവതരിപ്പിച്ചു. പ്രസ്തുത ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. എം. സ്വരാജും ബിൽ ഒരു സെലക്ട് കമ്മിറ്റിക്ക് അയക്കണമെന്ന ഭേദഗതി ശ്രീ. വി. ടി. ബൽറാമും അവതരിപ്പിച്ച് സംസാരിച്ചു. അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. ബിൽ മരാമത്തും ഗതാഗതവും വാർത്താ വിനിമയവും സംബന്ധിച്ച അഞ്ചാം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

(2) തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ഡോ. കെ. ടി. ജലീൽ 2017-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ (ഭേദഗതി) ബില്ലും ബിൽ ഒമ്പതാം സബ്ജക്ട് കമ്മിറ്റിക്ക് അയക്കണമെന്ന പ്രമേയവും അവതരിപ്പിക്കുകയും ചട്ടം 75 (1) പ്രകാരമുള്ള പ്രസ്താവന ബില്ലിനോടൊപ്പം മേശപ്പുറത്തു വയ്ക്കുകയും ചെയ്തു. ശ്രീ. ടി. വി. ഇബ്രാഹിം ഓർഡിനൻസ് നിരാകരണപ്രമേയം അവതരിപ്പിച്ച് സംസാരിച്ചു. ശ്രീ. എൽദോസ് കുന്നപ്പിള്ളി പ്രസ്തുത പ്രമേയം പിൻതാങ്ങിക്കൊണ്ട് സംസാരിച്ചു. ശ്രീ. കെ. മുരളീധരൻ ചുമതലപ്പെടുത്തിയ പ്രകാരം പ്രസ്തുത ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. അനൂപ് ജേക്കബും ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. കെ. വി. അബ്ദുൾ ഖാദറും അവതരിപ്പിച്ച് സംസാരിച്ചു. മന്ത്രിയുടെ മറുപടിയ്ക്കുശേഷം അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച ഒമ്പതാം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു

<u>സ്പീക്കറുടെ റൂളിംഗ്:</u>

ഓർഡിനൻസിന് പകരമുള്ള ബില്ലുകളുടെ അവതരണവേളയിൽ ചട്ടം 75 (1) പ്രകാരം മേശപ്പുറത്തു വയ്ക്കുന്ന പ്രസ്താവന പ്രസ്തുത ബില്ലിലെ ഉദ്ദേശ്യകാരണങ്ങളുടെ കേവലം ആവർത്തനമാകാൻ പാടില്ലെന്നും ഓർഡിനൻസ് പുറപ്പെടുവിച്ചുകൊണ്ട് സത്വര നിയമ നിർമ്മാണം നടത്തുവാൻ ഉണ്ടായ സാഹചര്യം വ്യക്തമാക്കുന്നതായിരിക്കണമെന്നും സ്പീക്കർ റൂളിംഗ് നൽകി.

2017 മാർച്ച് 3 വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്കുശേഷം 2.20 -ന് സഭ പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*

FOURTEENTH KERALA LEGISLATIVE ASSEMBLY

**Fourth Session**

# BULLETIN—PART I

(Brief Record of Proceedings)

*Thursday, March 2, 2017*

**No. 47**

The House met at 8.30 a.m. with Mr. Speaker in the Chair.

*Questions:*

Three questions in the list of questions posted for the day were answered orally.

*Correction of Answer to Unstarred Question:*

The Statement correcting the answer to Unstarred Question No. 3713 dated 20-10-2016 of the Second Session of the Fourteenth Kerala Legislative Assembly and the Corrected answer were laid on the table by Prof. C. Raveendranath, Minister for Education.

*Adjournment Motion:*

After hearing the Chief Minister, the Speaker withheld consent to the moving of an adjournment motion given notice of by Shri V. D. Satheesan and two other Members regarding the serious situation reported to have arisen due to the discord among higher officials of the State in Civil Service.

In protest against the attitude of the Government the Members belonging to the opposition staged walkout.

*Calling Attention:*

(1) Shri M. Rajagopalan called the attention of the Minister for Local Self Governments, Welfare of Minorities, Wakf and Hajj Pilgrimage to the necessity to take steps to get the demands of Mahatma Gandhi National Rural Employment Guarantee Scheme workers, on their service and wage conditions, acceded. The Minister made a Statement thereto.

KNPP. 359/2017 (ii).

(2) Shri V. D. Satheesan called the attention of the Chief Minister to the necessity to constitute a Student Welfare Commission with statutory powers. On behalf of Chief Minister the Minister for Education and the Minister for Welfare of Scheduled Castes, Scheduled Tribes, Backward Classes, Law, Culture and Parliamentary Affairs made statements thereto.

*Matters raised under Rule 304:*

The matters raised in the House by Members under rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. കെ. എം. മാണി | ഫാ. ടോം ഉഴുന്നാലിന്റെ മോചനം | മുഖ്യമന്ത്രിയ്ക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി |
| 2 | ശ്രീ. വി. എസ്. അച്യുതാനന്ദൻ | ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡിനെ സംരക്ഷി ക്കുന്നതിനുള്ള നടപടി | വ്യവസായവും കായികവും യുവജനകാര്യവും വകുപ്പുമന്ത്രി |
| 3 | ശ്രീ. പി. സി. ജോർജ് | കർഷക പെൻഷൻ വിതരണം | കൃഷി വകുപ്പുമന്ത്രി |
| 4 | ശ്രീ. എൻ. ഷംസുദ്ദീൻ | അട്ടപ്പാടിയിലെ ശിശു മരണങ്ങൾ | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 5 | ശ്രീ. സി. കെ. ശശീന്ദ്രൻ | നിയമവിരുദ്ധമായി വനം വകുപ്പ് ഏറ്റെടുത്ത ഭൂമി അവകാശികൾക്ക് തിരികെ നൽകുന്നത് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 6 | ശ്രീ. തോമസ് ചാണ്ടി | ആലപ്പുഴ ബോട്ട് ജെട്ടി യുടെ ആഴം കൂട്ടുന്നത് | ജലവിഭവ വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 7 | ശ്രീ. കെ. ഡി. പ്രസേനൻ | ആലത്തൂർ മോഡേൺ റൈസ് മിൽ തുറന്ന് പ്രവർത്തിപ്പിക്കുന്നത് | കൃഷി വകുപ്പുമന്ത്രി |
| 8 | ശ്രീ. രാജു എബ്രഹാം | ശബരി റെയിൽ . നിർമ്മാണ പ്രവർത്തനങ്ങൾ | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 9 | ശ്രീ. വി. എസ്. ശിവകുമാർ | കരമന-കളിയിക്കാവിള ദേശീയപാതയുടെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 10 | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് | ബിനാനി സിങ്ക് ലിമിറ്റഡ് അടച്ചുപൂട്ടിയത് | വ്യവസായവും കായികവും യുവജന കാര്യവും വകുപ്പുമന്ത്രി |
| 11 | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിന്റെ പുനരുദ്ധാരണം | വ്യവസായവും കായികവും യുവജനകാര്യവും വകുപ്പുമന്ത്രി |

*Papers laid on the Table*:

The Economic Review, 2016 was laid on the table.

*Presentation of Report:*

The Second Report of the Committee on the Welfare of Women, Children and Physically Handicapped was presented.

*Ruling by the Speaker*:

Shri V. D. Satheesan raised a point of order regarding the laying of papers meant for distribution alone among Members for information. The Speaker ruled that the matter raised by the Member was under consideration of the Chair and that the Committee on Papers Laid on the Table had been entrusted to submit proposals for amending Rules of Procedure in this regard.

*Legislative Business:*

(1) Shri A. K. Saseendran, Minister for Transport introduced the Kerala Motor Vehicles Taxation (Validation) Bill, 2016 and moved that the Bill be referred to subject Committee V. Shri M. Swaraj moved an amendement to circulate the Bill for eliciting public opinion and Shri V. T. Balram moved another amendment for referring the Bill to a Select Committee and spoke. The amendments moved were withdrawn with the leave of the House and the Bill was then referred to Subject Committee V—Works, Transport and Communications.

(2) DR. K. T. Jaleel, Minister for Local Self Government, Welfare of Minorities, Wakf and Hajj Pilgrimage introduced the Kerala State Commission for Minorities (Amendment) Bill, 2017 and moved that the Bill be referred to Subject Committee IX and laid a statement under Rule 75 (1) along with the Bill. Shri T. V. Ibrahim moved the ordinance disapproval motion and spoke. Shri Eldhose Kunnappilli seconded the motion and spoke. Shri Anoop Jacob, as authorised by Shri K. Muraleedharan, moved an amendment to circulate the Bill for eliciting public opinion and Shri K. V. Abdhul Khader moved another amendment for referring the Bill to a Select committee and spoke. After reply by the Minister the amendments moved were withdrawn by the leave of the House and the Bill was then referred to Subject Committee IX—Local Administration, Rural Development and Housing.

*Ruling by the Speaker :*

The Speaker ruled that while presenting Ordinance Replacing Bills, the statement laid under Rule 75 (1) should be explaining the circumstances which had necessitated immediate legislation by Ordinance and should not be a mere repetition of the statement of objects and reasons of the Bill replacing the Ordinance.

The House adjourned at 2.20 p.m. to meet again at 9.00 a.m. on Friday, March 3, 2017.

V. K. BABU PRAKASH,
*Secretary.*